# SSLC PRE MODEL EVALUATION-2023 MPM-101A

## കേരള പാഠാവലി

Time:-45Minutes PART-B Total Score:-20

1 **മുതൽ 3 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക.** **(2 X 1 = 2)**

1. " ഇത് വൈഷമ്യക്കാരനാണ്. അന്ന് ആര്യപുത്രനെ ഓർമ്മിപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ കിട്ടാതെ പോയല്ലോ." – ശകുന്തള സൂചിപ്പിക്കുന്നത് എന്തിനെക്കുറിച്ചാണ്?

[ സിംഹക്കുട്ടിയെ, സർവദമനനെ, ദുഷ്ഷന്തനെ , മുദ്രമോതിരത്തെ ]

2. " കേണുവാണിവിടെ, യേകുമർഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ "ഈ വരികളിൽ തെളിയുന്ന ഭാവം എന്ത്?

[ പ്രതീക്ഷ, പരിഭവം, പരിഹാസം, സന്തോഷം ]

3. താഴെ കൊടുത്തവയിൽ ശരിയായി പിരിച്ചെഴുതിയതേത്?

■ കെട്ടഴിക്കാതെ – കെട്ട്, അഴിക്കാതെ

■ കോന്തലയഴിച്ച – കോന്തല, യഴിച്ച

■ ഇരുമ്പഴികൾ – ഇരുമ്പ, ഴികൾ

■മുകൾത്തട്ട് – മുകൾ, ത്തട്ട്

**4 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. (2x 2 = 4)**

4. *പാവങ്ങൾ* എന്ന പാഠഭാഗത്തെ മെത്രാൻ്റെ ജീവിതം സമൂഹത്തിനു നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം? നിങ്ങളുടെ രണ്ട് നിരീക്ഷണങ്ങൾ കുറിക്കുക.

5. " കണ്ടുടൻ സ്വയമറിഞ്ഞിടാത്ത തോർ-
ത്തിണ്ടൽ വേണ്ട സഖി, കേണിടേണ്ട കേൾ,
പണ്ടു നിന്നെയൊരിളം കുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ"– കാവ്യഭംഗി കുറിക്കുക

6. ക്രോധാവേശത്താൽ ലോകം നശിപ്പിക്കാനൊരുങ്ങിയ ലക്ഷ്മണനെ ശ്രീരാമൻ സാന്ത്വനിപ്പിക്കുന്നതെങ്ങനെ?

**7 മുതൽ 9 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (2 x 4 = 8 )**

7. " ~ഉപ്പുകൊണ്ടുള്ള ഒരു പ്രതിമ പോലെ,~ അയാൾ നിന്നേടത്തുതന്നെ മിഴിച്ചു കൊണ്ടു നിന്നു. ഒന്നനങ്ങുവാൻ അയാൾക്കു ധൈര്യമുണ്ടായില്ല". സന്ദർഭം വ്യക്തമാക്കി, അടിവരയിട്ട പ്രയോഗം സന്ദർഭത്തിനു നൽകുന്ന അർഥസാധ്യതകൾ വിശകലനം ചെയ്യുക.

8. ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്താൻ *ലക്ഷ്മണസാന്ത്വനം* എന്ന പാഠഭാഗത്ത് എഴുത്തച്ഛൻ ഉപയോഗിച്ചിരിക്കുന്ന സാദൃശ്യകല്പനകളുടെ സവിശേഷതകൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

9. " അർഥപൂർണങ്ങളായ മൗനങ്ങളാണ് കടൽത്തീരത്ത് എന്ന കഥയെ പൂരിപ്പിക്കുന്നത്. "
– കഥ വിശകലനം ചെയ്ത് പ്രസ്താവനയോട് പ്രതികരിക്കുക.

**10, 11 ചോദ്യങ്ങളിൽ ഏതെങ്കിലും 1 ന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (1X 6= 6)**

10.■ " മടങ്ങി വരുമ്പോൾ ഞാനുണ്ടായി എന്നു വരില്ല. പക്ഷേ, എനിക്കു നിന്റെ മനസ്സിലെങ്കിലും ജീവിക്കണം"

■ " കൊടുത്തതുമാത്രമേ നേടാനൊക്കൂ, അല്ലേ സുധീർ? ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ലല്ലോ "
(വിശ്വരൂപം)

സൂചനകളും പാഠഭാഗവും വിലയിരുത്തി മിസ്സിസ്സ് തലത്ത് എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

11. "മനോഹരമായ നിരവധി നാടകമുഹൂർത്തങ്ങൾ നിറഞ്ഞതാണ് ശാകുന്തളം ഏഴാമങ്കം. "
ഋതുയോഗം എന്ന പാഠഭാഗത്തെ മുൻനിർത്തി പ്രസ്താവന വിശകലനം ചെയ്ത് ശുഭകരമായ അന്ത്യത്തിലേക്ക് കഥാഗതിയെ നാടകീയമാക്കി വളർത്തിക്കൊണ്ടു വരുന്നതിന് കവി സ്വീകരിച്ച രചനാതന്ത്രങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.